## കേരള സർക്കാർ

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - സംസ്ഥാനതല ടെക്നിക്കൽ കമ്മിറ്റിയുടെ ചെലവുകൾ കിലയിൽ നിന്ന് അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

**തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) 921/08/തസ്വഭവ　　　　　തിരുവനന്തപുരം, തീയതി, 27.03.2008

പരാമർശം :- 1. 09.01.08-ലെ ജി.ഒ (എം.എസ്) നം.10/08/തസ്വഭവ.

2. 04.03.08-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 1.1 നമ്പർ തീരുമാനം.

**<u>ഉത്തരവ്</u>**

തദ്ദേശ സ്ഥാപനങ്ങളുടെ മരാമത്ത് പ്രവൃത്തികൾക്ക് ജില്ലാതല ടി.എ.ജി.യുടെ അധികാര പരിധി കവിഞ്ഞുള്ള എസ്റ്റിമേറ്റുകൾ പരിശോധിച്ച് സാങ്കേതികാനുമതി നൽകുന്നതിനും പുതുക്കിയ എസ്റ്റിമേറ്റ് (revised estimate) ബന്ധപ്പെട്ട ടി.എ.ജി.യുടെ അധികാര പരിധി കവിയുകയാണെങ്കിൽ അത് പരിശോധിച്ച് പുതുക്കിയ സാങ്കേതികാനുമതി (revised technical sanction) നൽകുന്നതിനുമായി തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ കൺവീനറായി 8 അംഗ സംസ്ഥാനതല ടെക്നിക്കൽ കമ്മിറ്റി പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത ഉത്തരവിൽ കമ്മിറ്റിയുടെ ദൈനംദിന ചെലവുകൾ/അംഗങ്ങൾക്കുള്ള യാത്രാപ്പടി/പ്രൊഫഷണൽ ഫീസ് എന്നിവയുടെ നിരക്ക് സംബന്ധിച്ചോ മേൽ ചെലവുകൾ എവിടെനിന്ന് വഹിക്കണമെന്നോ പ്രതിപാദിച്ചിട്ടില്ലാത്തതിനാൽ ആയതു സംബന്ധിച്ച് വ്യക്ത നൽകി നിർദ്ദേശങ്ങൾ പുറപ്പെടുവിക്കണമെന്ന് കമ്മിറ്റിയുടെ കൺവീനർ അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽ വിഷയം 04.03.2008-ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ ചർച്ചചെയ്യുകയുണ്ടായി.

കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ സൂചന (2)-ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനതല ടെക്നിക്കൽ കമ്മിറ്റിയുടെ ചെലവിനങ്ങൾക്കാവശ്യമായ ഫണ്ട് 'കില'യിൽനിന്ന് അനുവദിച്ചുകൊണ്ടും തുക ലഭ്യമാക്കുന്നതിനും വിനിയോഗിക്കുന്നതിനുമായി താഴെപ്പറയുന്ന മാനദണ്ഡങ്ങളും നടപടിക്രമങ്ങളും നിശ്ചയിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

1) തപാൽ, സ്റ്റേഷനറി, ഡി.റ്റി.പി., ഫോട്ടോകോപീയിംഗ്, ലഘുഭക്ഷണം, ചായ മുതലായ ഇനങ്ങൾക്ക് യഥാർത്ഥ ചെലവ് അനുവദിക്കുന്നു.

2) ഔദ്യോഗിക അംഗങ്ങൾക്കും അനൗദ്യോഗിക അംഗങ്ങൾക്കും കമ്മിറ്റി യോഗത്തിൽ പങ്കെടുക്കുന്നതിനും ഫീൽഡ് സന്ദർശനം നടത്തുന്നതിനും സർക്കാർ സർവ്വീസിലെ ക്ലാസ് I ഓഫീസർമാർക്കനുവദനീയമായ നിരക്കിൽ യാത്രപ്പടി നൽകാവുന്നതാണ്.

3) അനൗദ്യോഗിക അംഗങ്ങൾ കമ്മിറ്റി യോഗത്തിൽ പങ്കെടുക്കുന്നതിനും ഫീൽഡ് സന്ദർശനം നടത്തുന്നതിനും ഒരു ദിവസത്തേക്ക് 500 രൂപ നിരക്കിൽ പ്രൊഫഷണൽ ഫീസ് നൽകാവുന്നതാണ്.

4) ഫീൽഡ് സന്ദർശനം നടത്തുന്നതിന് റയിൽവേ സൗകര്യവുമായി ബന്ധപ്പെട്ട സ്ഥലം അല്ലെങ്കിൽ ഏറ്റവും അടുത്ത റയിൽവേ സ്റ്റേഷനിൽ നിന്നും സൈറ്റിലേക്കുപോയി വരുന്നതിന് അനൗദ്യോഗിക അംഗത്തിന് കിലോമീറ്ററിന് 6.50 രൂപ നിരക്കിൽ ടാക്സ് ചാർജ് അനുവദിക്കാവുന്നതാണ്.

5) കമ്മിറ്റിയുടെ എല്ലാ ചെലവുകളും കമ്മിറ്റി ചെയർമാനും കൺവീനറും ബോധ്യപ്പെട്ട് സംയുക്തമായി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

6) സംസ്ഥാനതല ടെക്നിക്കൽ കമ്മിറ്റിയുടെ കൺവീനറായ ചീഫ് എഞ്ചിനീയർ കമ്മിറ്റിയുടെ എല്ലാ ചെലവുകളും നടത്തേണ്ടതും, കണക്കുകൾ തയ്യാറാക്കി രസീതുകളും വൗച്ചറുകളും സൂക്ഷിക്കേണ്ടതുമാണ്.

7) കമ്മിറ്റിയുടെ ചെലവ് ഫണ്ട് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) അനുവദിച്ചു നൽകേണ്ടതും കമ്മിറ്റിക്ക് ആവശ്യമായ ഫണ്ട് ആവശ്യപ്പെട്ടു കൊണ്ടുള്ള കത്ത് കമ്മിറ്റി അദ്ധ്യക്ഷന്റെ ശുപാർശയോടെ കില ഡയറക്ടർക്ക് നൽകി ഓരോ ഇനത്തിലുമുള്ള ചെലവ് സ്റ്റേറ്റ്മെന്റ്, രസീതുകൾ, വൗച്ചറുകൾ എന്നിവ കിലയിൽ ഹാജരാക്കി കണക്കുകൾ തീർപ്പാക്കേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം
**അന്നമ്മ ഡാനിയേൽ**
അഡീഷണൽ സെക്രട്ടറി

എല്ലാ കമ്മിറ്റി അംഗങ്ങൾക്കും (കൺവീനർ മുഖേന)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസനകമ്മീഷണർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ/(ആഡിറ്റ്), കേരള, തിരുവനന്തപുരം
സംസ്ഥാന പെർഫോമൻസ് ആഡിറ്റ് ആഫീസർ, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
സെക്രട്ടറി, ആസൂത്രണസാമ്പത്തിക കാര്യ വകുപ്പ്
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
സംസ്ഥാനതല റിസോഴ്സ ഗ്രൂപ്പ്, ലൂക്കസ് ലേൻ, ടി.സി.നം.25/2727 (4), പുത്തൻചന്ത, തിരുവനന്തപുരം } ബന്ധപ്പെട്ട എല്ലാ സ്ഥാപനങ്ങളെയും അറിയിക്കേണ്ടതാണ്.

ഡയറക്ടർ ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, സി.ഡിറ്റ്, ചിത്രാഞ്ജലി ഹിൽസ്, തിരുവല്ലം പി.ഒ, തിരുവനന്തപുരം
ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശ്ശൂർ.
പബ്ളിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഐ.കെ.എം(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ അടിയന്തിരമായി പ്രസിദ്ധപ്പെടുത്തുന്നതിന്)
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**

പകർപ്പ് :- തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.ക്ക്
തദ്ദേശസ്വയംഭരണ (ഡി.ബി) (ഡി.സി) (ഡി.ഡി) (എഫ്.എം) വകുപ്പുകൾക്ക്